മിസ്റ്റർ കെ. കെ. കണ്ണൻ: അധഃകൃതരെ സംബന്ധിച്ചിടത്തോളം ഈ നിയമങ്ങളുടെ സ്വഭാവം നോക്കുന്നപക്ഷം അതു ശരിയല്ലെന്നു ഗവമ്മെണ്ടിനു ബോദ്ധ്യമുണ്ടോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: ഇല്ല.

മിസ്റ്റർ കെ. കെ. കണ്ണൻ: അവക്കു കൊടുത്തിട്ടുള്ള പ്രാതിനിദ്ധ്യം മതിയായിട്ടില്ലെന്നു ബോദ്ധ്യമുണ്ടൊ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: കുറെ അധഃകൃതരെ ജഡ്ജിമാരായി നിയമിക്കണമെന്നു വിചാരിച്ചു. ഫ്രഞ്ചു ഭരണം മുതല്ക്കാണു പുതിയ ജഡ്ജിമാരെ നിയമിച്ചതു്. ഗവമ്മെണ്ടു കുറെ ആളുകളുടെ ലിസ്റ്റുണ്ടാക്കി അതുപ്രകാരമാണു നിയമനം നടത്തിയതു്. ചില സമുദായക്കാർക്കു പ്രാതിനിദ്ധ്യം പോരായെന്നു് ഗവമ്മെണ്ടിനു തോന്നിയതുകൊണ്ടു് അങ്ങിനെയുള്ള സമുദായത്തിൽപ്പെട്ട കുറെ ആളുകളുടെ ലിസ്റ്റയക്കാൻ, ആവശ്യപ്പെട്ടിരിക്കുന്നു. അധഃകൃതരെ സംബന്ധിച്ചിടത്തോളം ബഹുമാനപ്പെട്ട മെമ്പറോടു തന്നെ കുറെ ആളുകളുടെ പേർ എഴുതി അയക്കാൻ ആവശ്യപ്പെടുകയും, അദ്ദേഹം അപ്രകാരം ചെയ്യുകയും ചെയ്തു. പക്ഷെ, അതു സമയത്തിനു കിട്ടാതിരുന്നതുകൊണ്ടാണു് അതനുസരിച്ചു പ്രവർത്തിക്കാതിരുന്നതു്.

മിസ്റ്റർ കെ. കെ. കണ്ണൻ: ഇതിനെ സംബന്ധിച്ചു ഗവമ്മെണ്ടു കല്പന പാസ്സാക്കുന്നതിനു ഫ 0 ദിവസം മുമ്പാണു് ഞാൻ ലിസ്റ്റു അയച്ചതു് എന്നു ധൈര്യമായി പറയുന്നു.

Mr. President: Question time is over.

GENERAL HOSPITAL AT ERNAKULAM—SHIFTING OF—DELAY IN

52. മിസ്റ്റർ എം. ഒ. തോമാക്കുട്ടി: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ഗവമ്മെണ്ടു് സദയം മറുപടി പറയുമൊ.—

(എ) ഫ്രഞ്ചുകാലത്തെ ബഡ്ജറ്റുസെഷനിൽ പ്രസ്താവിച്ചിരുന്നതു പ്രകാരം എറണാകുളം ജനറൽ ആസ്പത്രി റാംമോഹൻ പാലസ്സിലേക്കു മാറ്റി സ്ഥാപിച്ചുവോ;

(ബി) ഇല്ലെങ്കിൽ ഇനിയും താമസിക്കുന്നതിന്റെ കാരണമെന്താണു്?

റാവു ബഹദൂർ ടി. കെ. നായർ:

(എ) ഇല്ല.

(ബി) ആസ്പത്രി റാംമോഹൻ പാലസ്സിലേക്കു മാറ്റുന്നതിനു വേണ്ടിവരുന്ന ചിലവിന്റെ കണക്കുകളും അതിനുള്ള മാർഗ്ഗങ്ങളും നോക്കിവരുന്നുണ്ടു്. കഴിയുന്നതും വേഗത്തിൽ മാറ്റി സ്ഥാപിക്കുന്നതാണു്.

ARTICLE IN "NAVALOKAM" DATED 23RD SEPTEMBER 1947

53. Mr. K. Balakrishna Menon *(Cheruthuruthi)*: Will Government be pleased to state.—

(*a*) if their attention has been drawn to the article "റവന്യൂ മന്ത്രിക്കു് എന്തുപറ്റി" published in the paper "നവലോകം" dated 23rd September 1947;

(*b*) if so, if the fact alleged therein is true?

Mr. C. R. Iyynni *(Minister for Food and Revenue)*:

(*a*) Yes.

(*b*) The article is spread over three columns and contains many statements. It is not known to which statement the member refers and so no answer can be given.

BATTA ALLOWANCE—PEONS OF NEMMARA VILLAGE COURT GOING TO NELLIAMPATHY

54. മിസ്റ്റർ കെ. നടരാജൻ ചെട്ടിയാർ: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ഗവമ്മെണ്ടു് സദയം മറുപടി പറയുമൊ.—

(എ) നെമ്മാറ വില്ലേജ്കോടതിയിൽനിന്നും നെല്ലിയാംപതി മലയിൽ പോയി സമൻസ് നടത്തിവരുന്ന ശിപായിമാർക്കു ബത്ത കൊടുക്കാറുണ്ടോ;

(ബി) ഇല്ലെങ്കിൽ എന്തുകൊണ്ടു്?

മിസ്റ്റർ പി. ഗോവിന്ദമേനോൻ:

(എ) ഫെർഗ്യൂസൻ സെപ്ഷ്മ്പർ ഫസ്-ാംനു (ഫ്രഞ്ചുകന്നി മാസം-) മുതൽ അതാതു വില്ലേജ്കോടതി പരിധിക്കുള്ളിൽ പ്രോസസ്സു നടത്തുവാൻ പോകുന്ന യാത്രക്കു ബത്ത കൊടുക്കുവാൻ ഏർപ്പാടു ചെയ്തിട്ടുണ്ടു്.

(ബി) ഉത്തരം ആവശ്യമില്ല.

LIBRARY ARCHIVES Kerala Legislative Assembly